# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5607

02.11.2016 ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ 100 എ.ടി.എം. സ്ഥാപിക്കുവാനുള്ള നടപടി

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത്കോയ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ ആരംഭിക്കുന്നതു തടഞ്ഞുകൊണ്ടുള്ള സർക്കാർ നിർദ്ദേശം നിലവിൽ വന്നിട്ടുണ്ടോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ ആരംഭിക്കുന്നത് തടഞ്ഞുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 100 എ.ടി.എം. സെന്ററുകൾ തുടങ്ങുവാൻ പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതും അതിൽ അഴിമതിയുണ്ടെന്ന പത്രവാർത്തകളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് 100 എ.ടി.എം സെന്ററുകൾ തുടങ്ങുവാൻ പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതും അതിൽ അഴിമതിയുണ്ടെന്ന പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എ.ടി.എം. കൗണ്ടറും അനുബന്ധ സൗകര്യങ്ങളും തുടങ്ങുന്നതിന് ഓരോന്നിനും എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | എ.ടി.എം കൗണ്ടറും അനുബന്ധ സൗകര്യങ്ങളും തുടങ്ങുന്നതിന് ഓരോന്നിനും ഏകദേശം 6 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. |
| (ഡി) | കേരള സഹകരണ ബാങ്ക് തുടങ്ങുന്ന പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ധൃതി പിടിച്ച് 100 എ.ടി.എം. സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) | കേരള സഹകരണ ബാങ്ക് തുടങ്ങുന്ന പശ്ചാത്തലത്തിൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ധൃതി പിടിച്ച് 100 എ.ടി.എം സ്ഥാപിക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് അപാകതകൾ ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ